## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3684 20/06/2019-ൽ മറുപടിക്ക്

### ക്യാൻസർ രോഗികളുടെ ക്രമാതീതമായ വർദ്ധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ ആശുപത്രികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്യാൻസർ രോഗികളുടെ എണ്ണം വർഷം തിരിച്ച് അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ ആശുപത്രികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| ബി) | കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | ബി) യും സി)യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വർധിച്ച വരുന്ന സ്തനാർബുദ രോഗത്തിന്റെ കാരണങ്ങൾ മനസിലാക്കുന്നതിന് വേണ്ടി ഇന്ത്യൻ കൌൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR ) ന്റെ ധനസഹായത്തോടു കൂടി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ പഠനം നടത്തി വരുന്നു. പാൻമസാല, പുകയില, മദ്യപാനം എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന കാൻസർ രോഗങ്ങളും ഈ രോഗത്തിന് കാരണമായേക്കാവുന്ന മറ്റു ഘടകങ്ങളെപ്പറ്റിയും മനസിലാക്കുന്നതിന് ജനുവരി 2019 മുതൽ രോഗികളിൽ നിന്നും കൃത്യമായ വിവരങ്ങൾ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ശേഖരിച്ച വരുന്നു. |
| സി) | ഇല്ലെങ്കിൽ വിദഗ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | രജിസ്റ്റർ ചെയ്ത കാൻസർ രോഗികളുടെ എണ്ണം | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം | 16256 | 16442 | 15267 |
| മലബാർ കാൻസർ സെന്റർ, തലശ്ശേരി | 4480 | 4496 | 4620 |
| കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ | 1513 | 5012 | 8011 |
| മെഡിക്കൽ കോളേജ് ആശുപത്രികൾ | 16736 | 22366 | 25464 |
| ജനറൽ ആശുപത്രി,എറണാകുളം | 4610 | 5776 | 4365 |

സെക്ഷൻ ഓഫീസർ